പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2130

10-10-2011-ൽ മറുപടിയ്ക്ക്

## മീനച്ചിൽ പദ്ധതി

ചോദ്യം : ശ്രീ.സി.ദിവാകരൻ

ഉത്തരം: പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

(എ) മീനച്ചിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശകൾ വിശദമാക്കാമോ ?

(എ) മീനച്ചിൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. 07.01.2008 ലെ സ.ഉ.(സാധാ) നം. 32/2008/ജവിവ പ്രകാരമുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശകൾ താഴെപറയും വിധമാണ്.

(1) മീനച്ചിൽ നദിയിലേക്ക് ജലം തിരിച്ചുവിടുന്നതിലേക്കായി മൂവാറ്റുപുഴ നദി തടത്തിൽ അധികം ജലം ഇല്ല.

(2) പ്രതികൂല ഫലങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതു കൊണ്ട് നദിയുടെ അടിത്തട്ട് താഴ്ത്തുന്നത് ഇതിന് പകരം വയ്ക്കാവുന്ന ഒരു മാർഗ്ഗമല്ല.

(3) ഈ പ്രൊപ്പോസൽ സാങ്കേതികപരമായും സാധ്യതയില്ലാത്തതാണ്. ഈ കമ്മിറ്റിയുടെ അഭിപ്രായ പ്രകാരം അടുക്കത്ത് ഒരു ഡാമും മീനച്ചിൽ നദിയുടെയും പോഷക നദികളുടെയും അപ് സ്ട്രീം ഭാഗത്തായി ചെക്ക് ഡാമുകളുടെ ശൃംഖലയും നിർമ്മിക്കുന്നതാണ് സാങ്കേതികമായും സാമ്പത്തികപരമായും അഭികാമ്യം.

സെക്ഷൻ ഓഫീസർ